LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ്

24 (*266) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ് ചെയ്യുമ്പോൾ ഒരു റീസർവ്വേ സബ് ഡിവിഷനിൽ അപേക്ഷകർക്ക് ഒന്നൊന്നായി ആധാരപ്രകാരമുള്ള വിസ്തീർണ്ണം പോക്കുവരവ് ചെയ്തതിനുശേഷം ആ സബ്-ഡിവിഷനിലെ അവസാനത്തെ അപേക്ഷകന് പോക്കുവരവ് ചെയ്യ നൽകാൻ വസ്തു ഇല്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) ഇത്തരം കേസ്സുകളിൽ, വില്ലേജ് റെക്കോർഡുകൾ പ്രകാരം ബന്ധപ്പെട്ട സർവ്വേ നമ്പരിലുള്ള ആകെ വിസ്തീർണ്ണം, ഓരോരുത്തരുടെയും കൈവശത്തിലും ആധാരത്തിലുമുള്ള വിസ്തീർണ്ണം എന്നിവ പ്രത്യേകം തിട്ടപ്പെടുത്തി എല്ലാ കക്ഷികളെയും നേരിൽ കേട്ട ശേഷം തെറ്റായി പോക്കുവരവ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത്, റീസർവ്വേ റെക്കോർഡുകളുടെയും കൈവശത്തിന്റെയും അടിസ്ഥാനത്തിൽ റെക്കോർഡുകൾ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രം

25 (*267) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;